**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **22-02-2022 - ൽ മറുപടിയ്ക്ക്**

**സ്പേസ് പാർക്ക് പ്രോജക്ടിന്റെ കൺസൾട്ടൻസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സ്പേസ് പാർക്ക് പ്രോജക്ടിന്റെ കൺസൾട്ടൻസി കരാറിൽ നിന്നും കെ.പി.എം.ജി. എന്ന കമ്പനിയെ മാറ്റിയിരുന്നോ; എങ്കിൽ ഇതിന്റെ കാരണവും വിശദാംശങ്ങളും അറിയിക്കാമോ; | (എ) | കേരള സ്റ്റേറ്റ് എെ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ (കെ.എസ്.ഐ.ടി.എെ.എൽ) കീഴിലുള്ള സ്പേസ് പാർക്ക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സ്പെഷ്യൽ ഒാഫീസറുടെ നിർദ്ദേശാനുസരണം കേരള സംസ്ഥാന സ്റ്റാർട്ടപ്പ്മിഷൻ M/s KPMG-യെ സ്പേസ് പാർക്കിന്റെ "Detailed Project Report" തയ്യാറാക്കുന്നതിന് കൺസൾട്ടന്റായി നിയമിക്കുകയും അപ്രകാരം M/s KPMG റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ചെയ്തു. തുടർന്ന് സ്പേസ് പാർക്ക് പ്രോഗ്രാമിന്റെ നടത്തിപ്പിനായി National Informatics Centre Services Inc (NICSI) നിരക്കിൽ ഒരു വർഷത്തേക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) ആയി നിയോഗിക്കുന്നതിന് M/s KPMG-യോട് താൽപ്പര്യം ആരാഞ്ഞുവെങ്കിലും കൺസൽട്ടൻസി മറുപടി നൽകുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് എെ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ മറ്റൊരു പ്രോജക്ടുമായി ബന്ധപ്പെട്ട് സർക്കാർ നിയമിച്ച NICSI എംപാനൽഡ് എജൻസിയായ M/s PWC യെ സ്പേസ് പാർക്കിന്റെ പി.എം.യു ആയി കെ.എസ്.ഐ.ടി.എെ.എൽ നിയോഗിക്കുകയുണ്ടായി. |
| (ബി) | സ്പേസ് പാർക്ക് പോലെയുള്ള ഒരു പദ്ധതിക്കായി കൺസൾട്ടൻസിയെ തെരെഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ; | (ബി) | കേന്ദ്രസർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം National Informatics Centre Services Inc (NICSI) എംപാനൽഡ് ലിസ്റ്റിൽ നിന്ന് നേരിട്ട് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്ന രീതിയാണ് പൊതുവിൽ നിലവിലുള്ളത്. |
| (സി) | സ്പേസ് പാർക്ക് പ്രോജക്ടിന്റെ കൺസൾട്ടൻസി കരാറുമായി ബന്ധപ്പെട്ട് ഗ്ലോബൽ ടെൻഡർ | (സി) | NICSI എംപാനൽഡ് എജൻസിയെ ആണ് കൺസൽട്ടന്റായി നിയോഗിച്ചത്. |

| | | | |
|---|---|---|---|
| | വിളിച്ചിരുന്നോ; പ്രസ്തുത ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു എന്നും ആർക്കാണ് കരാർ നൽകിയത് എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ; | | |
| (ഡി) | മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്കോ ഐ.ടി. വകുപ്പ് സെക്രട്ടറിക്കോ കൺസൾട്ടൻസി കമ്പനികളെ മാറ്റാനുള്ള അധികാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | NICSI എംപാനൽഡ് ഏജൻസിയെ ആണ് കൺസൽട്ടന്റായി നിയോഗിച്ചത്. |
| (ഇ) | യു.എ.ഇ. കോൺസുലേറ്റ് ഉദ്യോഗസ്ഥയായി സേവനമനുഷ്ഠിച്ചിരുന്ന വ്യക്തിയെ സ്പേസ് പാർക്ക് പ്രോജക്റ്റിൽ നിയമിക്കുന്നതിൽ പ്രശ്നങ്ങളുണ്ടെന്ന് കെ.പി.എം.ജി. ചൂണ്ടിക്കാട്ടിയതിനെ തുടർന്നാണ് പ്രസ്തുത കമ്പനിയെ സ്പേസ് പാർക്ക് പ്രോജക്റ്റിന്റെ കൺസൾട്ടൻസി കരാറിൽ നിന്നും മാറ്റിയത് എന്ന വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ? | (ഇ) | ഇത് സംബന്ധിച്ച പരാതി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ